**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **15-03-2022 - ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ ജീവനു ഹാനികരമായ വിഷാംശം കലർന്ന ധാരാളം പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാര പരിശോധനയില്ലാതെ നമ്മുടെ സംസ്ഥാനത്ത് എത്തിച്ച് ജനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് കാർഷിക സർവകലാശാലയുടെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ പൊതു വിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്. ഇതിലേയ്ക്കായി ടി സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങളുടേയും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിൽ എല്ലാ പൊതു ജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവരെയായി 54 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പച്ചക്കറികളിലെ കീടനാശിനികളിലെ ഉപയോഗം കുറയ്ക്കുന്നതിനായി നിയന്ത്രണ മാർഗ്ഗങ്ങളിലൂന്നിയുള്ള സംയോജിത സസ്യ ജൈവ സംരക്ഷണത്തേക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്നു കൊടുക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ